# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.274 | 28.01.2019 ൽ മറുപടിക്ക്

## ഷൊർണ്ണൂർ മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ നാളിതുവരെ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (എ) യും (ബി) യും ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ അടക്കാപുത്തൂർ, നെല്ലായ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്,.ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ചളവറ സാമൂഹികാരോഗ്യ കേന്ദ്രത്തേയും വാണയംകുളം, വെള്ളിനേഴി, തൃക്കടീരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡെന്റൽ ഒ.പി.ആരംഭിക്കുകയും ഇവിടെ പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിലെ ആരോഗ്യ മേഖലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ